LIBRARY ARCHIVES Kerala Legislative Assembly

താന്ത്രിക വിദ്യകളും പൂജാവിധികളും പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ

*7 [794] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ:
,, എ. എൻ. രാജൻബാബു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താന്ത്രിക വിദ്യകളും പൂജാവിധികളും പഠിപ്പിക്കുന്നതിന് ദേവസ്വം ബോർഡുകളുടെ കീഴിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

"ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്താൻ നടപടി"

*8 [796] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്:
,, കെ. മോഹൻകുമാർ:
,, ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്ക കുരുമുളക് ഉല്പാദിപ്പിക്കുന്ന ഒരു രാജ്യമാണോ;

(ബി) അല്ലാത്തപക്ഷം കുരുമുളകിനെ നെഗറ്റീവ് ലിസ്റ്റിലുള്ള ഉല്പന്നമായി കണക്കാക്കി ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ഒരാവശ്യം ഉന്നയിക്കുവാൻ നടപടി എടുക്കുമോ;

(ഡി) വിയറ്റ്നാം, ഘാട്ടിമല എന്നീ രാജ്യങ്ങളിൽ നിന്ന് ശ്രീലങ്കയിൽ ഇറക്കുമതി ചെയ്യുന്ന കുരുമുളക് സ്വിച്ച് ട്രെയിഡ് അടിസ്ഥാനത്തിൽ ഇന്ത്യയിലേക്ക് ശ്രീലങ്ക ഇറക്കുമതി ചെയ്യുന്നുണ്ടോ;

(ഇ) ഇത് കേരളത്തെ ഏതു വിധത്തിൽ ബാധിക്കും എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇറക്കുമതി ചുങ്കം ഒഴിവാക്കിക്കൊണ്ട് ശ്രീലങ്ക കുരുമുളക് വ്യാപാരത്തിൽ നടത്തുന്ന സ്വിച്ച് ട്രെയിഡ് അവസാനിപ്പിക്കുവാൻ നടപടി എടുക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) അതെ.

(ബി, സി) 1-3-2000 മുതൽ നിലവിൽ വന്ന ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള സ്വതന്ത്ര വ്യാപാരക്കരാർ അനുസരിച്ച് സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാർഷികോല്പന്നങ്ങളും ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യുന്നതിന് 90 ശതമാനം ഡ്യൂട്ടിയിൽ സൗജന്യമനുവദിച്ചിരുന്നു. എന്നാൽ 18-3-2003 മുതൽ ഈ സൗജന്യം 100 ശതമാനമാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

അതിനാൽ ശ്രീലങ്കയിൽനിന്നുള്ള അമിതമായ കുരുമുളക് ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഡ്യൂട്ടിയിൽ സൗജന്യമനുവദിച്ചുകൊണ്ടുള്ള ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയോ മിതമായ നിരക്കിലുള്ള ഇറക്കുമതി തീരുവ പുനഃസ്ഥാപിക്കുകയോ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിയറ്റ്നാം, ഗ്വാട്ടിമല എന്നീ രാജ്യങ്ങളിൽനിന്നും ശ്രീലങ്കയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് സ്വീച്ച് ട്രെയിഡ് അടിസ്ഥാനത്തിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാനുള്ള സാധ്യതയുള്ളതായി അറിയുന്നു. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) തീരുവരഹിത ഇറക്കുമതിക്ക് അനുമതി കൊടുത്തതിനാൽ ശ്രീലങ്കയിൽനിന്നും വൻതോതിൽ കുരുമുളക് ഇറക്കുമതി നടക്കുന്നതായി അറിയുന്നു.

ഈ അമിതമായ ഇറക്കുമതി കാരണം കുരുമുളകിന്റെ വില സാരമായി കുറഞ്ഞിട്ടുണ്ട്. ഇതിന് പ്രതിവിധി കാണാനായി ഇറക്കുമതി തീരുവയിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്രസർക്കാർ തലത്തിൽ നടപടി കൈക്കൊള്ളേണ്ട കാര്യമാണ്.

കാലാവസ്ഥയ്ക്ക് യോജിച്ച മരങ്ങളും ചെടികളും നട്ടുവളർത്താൻ നടപടി

*9 [797] ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിത ദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക കാലാവസ്ഥയ്ക്ക് യോജിച്ച രീതിയിൽ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന മരങ്ങളും ചെടികളും എന്തൊക്കെയാണ്;

(ബി) ഇവ നട്ടുവളർത്താൻ ജനങ്ങളെ സഹായിക്കാൻ അവയുടെ തൈകൾ വിതരണം ചെയ്യാനും കൃഷി ആവശ്യത്തിനും വേണ്ട മറ്റ് സഹായങ്ങൾ ചെയ്യാനും എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly